98 (1324) സ്ഥലമെടുപ്പിന്റെ പുരോഗതി

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡ് ഉൾപ്പെടുന്ന സ്റ്റേറ്റ് ഹൈവേയുടെ വികസനം സംബന്ധിച്ച് നടന്നുവരുന്ന സ്ഥലമെടുപ്പിന്റെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(ബി) എം.സി. റോഡ് ഭാഗത്തിന്റെ വികസനത്തിനുവേണ്ടി മണ്ണന്തലയിൽനിന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിൽ ആണെന്നറിയിക്കുമോ;

(സി) ഏതൊക്കെ വ്യക്തികളുടെ ഏതൊക്കെ സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന എത്ര അളവ് സ്ഥലമാണ് മണ്ണന്തലയിലെ ആവശ്യത്തിനു വേണ്ടി വരികയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) സ്ഥലം ഏറ്റെടുപ്പിനോടനുബന്ധിച്ച് മതിപ്പുവില നിശ്ചയിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) എങ്കിൽ മണ്ണന്തലയിലെ സ്ഥലമെടുപ്പിൽ ഉൾപ്പെട്ട ഓരോ വ്യക്തികൾക്കും എന്തു തുക നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്നും, ഇത് എന്നത്തേക്ക് ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.സി. റോഡ് ഉൾപ്പെടുന്ന സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ കേശവദാസപുരം മുതൽ മണ്ണന്തല വരെ നാലുവരി പാതയാക്കുന്നതിനുള്ള വികസനപ്രവർത്തനങ്ങൾ നടന്നുവരികയാണ്. വികസനത്തിന്റെ ഭാഗമായുള്ള സ്ഥലമെടുപ്പ് നടപടികൾ രണ്ടു ഘട്ടങ്ങളായി തുടരുന്നു. ഒന്നാം ഘട്ട സ്ഥലമെടുപ്പ് നടപടികൾക്കുള്ള വിജ്ഞാപനം 30.3.98-ൽ പ്രസിദ്ധപ്പെടുത്തി. സർവേ നടപടികൾ തുടർന്നു വരവേ കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവു കാരണം നടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നു. കേസ്സ് തള്ളിക്കൊണ്ട് 11-2-99-ൽ വധി പുറപ്പെടുവച്ചതിനെത്തുടർന്ന് സ്ഥലമെടുപ്പ് നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ട സ്ഥലമെടുപ്പിനെ സംബന്ധിച്ച് പ്രാഥമിക വിജ്ഞാപനം പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ബി) ഒന്നാം ഘട്ടത്തിന്റെ ഭാഗമായ മണ്ണന്തല ജംഗ്ഷനിലെ 800 മീറ്റർ നീളംവരുന്ന സ്ഥലത്തിന്റെ ഭൂമിവില നിശ്ചയിച്ചുകഴിഞ്ഞു. കെട്ടിടങ്ങളുടെ വില നിശ്ചയിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. രണ്ടാം ഘട്ടം വിജ്ഞാപനം പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) ഒന്നാം ഘട്ടത്തിൽ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവ് 39.47 ആർ. ആണ്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, റവന്യൂ രേഖകൾ അനുസരിച്ചുള്ള ഭൂവുടമകളുടെ പേര് ഇവ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ രണ്ടാം ഘട്ടത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെയും വ്യക്തികളുടെയും വിവരം നൽകാൻ കഴിയുകയുള്ളൂ.

(ഡി) ഉണ്ട്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന സ്ഥലത്തിലെ കെട്ടിടങ്ങളുടെ വിലനിർണ്ണയ നടപടികൾ അന്തിമ ഘട്ടത്തിൽ ആണ്. ദേഹണ്ഡങ്ങളുടെ വില നിശ്ചയിക്കുന്നതിന് മഹസർ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

രണ്ടാം ഘട്ടം: നഷ്ടപരിഹാരത്തുക നൽകുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) കെട്ടിടങ്ങളുടെയും ദേഹണ്ഡങ്ങളുടെയും വില നിശ്ചയിച്ചതിനു ശേഷവും ബന്ധപ്പെട്ട സ്ഥലമുടമകളുടെയും മറ്റ് അവകാശികളുടെയും ആക്ഷേപങ്ങളും പരാതികളും നേരിട്ട് കേട്ട് പരിശോധിച്ച് തീരുമാനിച്ചതിനു ശേഷവും മാത്രമേ ഓരോ വ്യക്തിക്കും കിട്ടുവാൻ അർഹതയുള്ള നഷ്ടപരിഹാരത്തുക എത്രയെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. പൊന്നുംവില നടപടികൾ പൂർത്തിയാകുന്ന മുറക്ക് നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

99 (1325) സ്ഥലമുടമകളിൽനിന്നും സ്റ്റേറ്റ്മെന്റ്

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്ഥലമുടമകളിൽനിന്നും വില്ലേജാഫീസുകൾ മുഖാന്തിരം എന്തെങ്കിലും സ്റ്റേറ്റുമെന്റുകൾ വാങ്ങുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെയായി എത്രപേരിൽനിന്നും ഇങ്ങനെ ശേഖരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

100 (1326) സൗജന്യ ഭവന നിർമ്മാണ പദ്ധതികൾക്കുള്ള പണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ വെള്ളപ്പൊക്കംമൂലം ഭവനരഹിതരായി തീർന്ന മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ചു നൽകുന്നതിനായുള്ള സൗജന്യ ഭവന നിർമ്മാണ പദ്ധതിയിൻപ്രകാരം സ്ഥലം വാങ്ങുന്നതിനായി റവന്യൂ വകുപ്പ് ഇതുവരെ പണം കൈമാറാത്തതുമൂലം പദ്ധതി നടപ്പാക്കാൻ കഴിയാതെ നീണ്ടു പോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പണം കൈമാറുന്നതിനുള്ള തടസം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly